മ ത്താ . 20 : 17 – 28

**023 മാർച്ച് 05**

## വചനഭാഷ്യം

**ഡോ. ജോസ് ഓലിയപ്പുറത്ത്**

# ക്രിസ്തുവിന്റെ സഹനങ്ങളിൽ പങ്കുചേരുന്ന ശിഷ്യൻ

യേശുവിന്റെ പീഡാനുഭവം, മരണം എന്നിവയെക്കുറിച്ചുള്ള മൂന്നാമ ത്തെ പ്രവചനവും (20:17–19) സെബദിപുത്രന്മാരുടെ അമ്മ മക്കൾക്കുവേണ്ടി നടത്തുന്ന അഭ്യർത്ഥനയും (20:20–21) അതിന് യേശു നല്കുന്ന മറുപടിയുമാണ് (20:22–28) ഈ സുവിശേഷഭാഗത്തെ പ്രതിപാദന വിഷയങ്ങൾ. ഇതിലെ പീഡാനുഭവ പ്രവചന വചനങ്ങൾ ഇതര സുവിശേഷങ്ങളായ മർക്കോസ് (10:32–34), ലൂക്കാ (18:31–34) എന്നിവയിലും ദൃശ്യമാണ്. എന്നാൽ സെബദിപുത്രന്മാരുടെ അഭ്യർത്ഥന എന്ന രീതിയിൽ മർക്കോസ് 10:35–45 ൽ ഇതുപോലൊരു വിവരണം കാണാം. ഒരുപക്ഷേ മർക്കോസിന്റെ സുവിശേഷ ത്തിൽ നിന്നായിരിക്കാം മത്തായി ഈ വിവരണത്തിന്റെ കാതൽ സ്വീകരിച്ചത്. എന്നാൽ മർക്കോസിന്റെ സുവിശേഷപ്രകാരം യാക്കോബും യോഹന്നാനുമാണ് യേശുവിനോടു ചോദിക്കുന്നത്. ലൂക്കായുടെ സുവിശേഷത്തിൽ ഈ വിവരണം കാണുന്നില്ലെങ്കിലും സമാനമായ യേശുവചനങ്ങൾ ലൂക്കാ 22:24–30 ൽ കാണാം.

യേശു തന്റെ പീഡാനുഭവ മരണോത്ഥാനങ്ങൾ വിവരിക്കുമ്പോൾ അക്കാര്യം തന്റെ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടു പേരോടു മാത്രമായാണു പറയുന്നത്. താൻ പ്രത്യേകം തെരഞ്ഞെടുത്ത പന്ത്രണ്ടുപേരെ മാത്രം കൂട്ടിക്കൊണ്ട് യേശു ജറുസലേമിലേക്കു യാത്ര ചെയ്യുകയായിരുന്നു എന്നാണ് പ്രഥമ വാക്യം. ജറുസലേമിലേക്കുള്ള യാത്ര ബലിസമർപ്പണത്തിനുള്ള ഒരുക്കയാത്രയായി കാണാം. തന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കാനുള്ള പുറപ്പാടാണത്. കാളകൾ, ആടുകൾ, ചെങ്ങാലികൾ തുട ങ്ങിയവയും ധാന്യങ്ങൾ, എണ്ണ എന്നിവയുമെല്ലാം ദൈവാലയത്തിൽ അർപ്പിക്കപ്പെടുന്ന വസ്തുക്കളാ ണെങ്കിൽ വിമോചകനായ മെസിയ അർപ്പിക്കപ്പെടുന്നത് എല്ലാവരുടെയും രക്ഷകനായിട്ടാണ്. മതിലു കൾക്കും അതിർത്തികൾക്കുമപ്പുറം അറിഞ്ഞോ അറിയാതെയോ നഗരത്തിനു വെളിയിലാണ് അതു സംഭവിക്കുന്നത്. മാത്രമല്ല, മനുഷ്യപുത്രൻ ഏല്പിക്കപ്പെടുന്നത് പ്രധാന പുരോഹിതന്മാരുടെയും നിയമ ജ്ഞരുടെയും കൈകളിലാണ്. തന്റെതന്നെയാളുകൾ... ആരെ ഉദ്ദേശിച്ചാണോ മെസിയ വന്നത്, ആരു ടെയെല്ലാം രക്ഷയാണോ അവിടുന്നാഗ്രഹിച്ചത് അവരാണ് ശത്രുക്കളാകുന്നത്. അവർ അവനെ വിജാതീ യർക്ക് ഏല്പിച്ചുകൊടുക്കുമെന്നാണ് പറയുന്നത്. സ്വന്തപ്പെട്ടവരാൽ ചതിക്കപ്പെടുകയും അതിനാൽ മറ്റു ള്ളവരാൽ പരിഹസിക്കപ്പെടുകയും നിന്ദനമേറ്റ് ഒടുവിൽ മൃത്യു വരിക്കുകയും ചെയ്യുന്ന അവസ്ഥ... തുടർന്നാണു പുനരുത്ഥാനം... ഇവയെല്ലാം തരണം ചെയ്യാൻ ശിഷ്യർക്കു കഴിയണമെന്നാണ് യേശു പറ യുന്നത്.

ഇപ്രകാരം യേശു തന്റെ ജീവിതദൗത്യത്തെക്കുറിച്ചും അതിനിടയിൽ സംഭവിക്കാൻ പോകുന്ന ദാരുണാനുഭവങ്ങളെക്കുറിച്ചും പറയുമ്പോൾ ശിഷ്യരുടെയിടയിൽ സംഭവിക്കുന്നതെന്തെന്ന് നാടകീയ മായി വിവരിക്കുന്നു... യേശുവിനു ഏറ്റവും പ്രിയപ്പെട്ട രണ്ടു ശിഷ്യരാണ് സെബദിയുടെ പുത്രന്മാരായ യാ ക്കോബും യോഹന്നാനും. അവരുടെ അമ്മ യേശുവിന്റെ രാജ്യത്തിൽ അവിടുത്തെ ഇടത്തുവ ലത്തും വലത്തുവശത്തും ഇരിക്കുന്നതിന് ശിപാർശയുമായി വരുന്നു. ഇവരുടെ ഈ ചോദ്യത്തിൽ യേശു അല്പം അതൃപ്തനായെങ്കിലും അവർക്ക് യേശു നല്കുന്ന മറുപടി ക്രിസ്തുശിഷ്യത്വത്തിൽ അതീവ പ്രാധാന്യമർഹിക്കുന്നതാണ്. യേശു അവരുടെ മുഖത്തുനോക്കി അസന്ദിഗ്ധമായി പ്രഖ്യാപിച്ചു: നിങ്ങൾ ചോദിക്കുന്നതെന്തെന്ന് നിങ്ങൾ അറിയുന്നില്ല... കാരണം സഹനത്തിന്റെയും മരണത്തിന്റെയും വഴികളിലൂടെ കടന്നുപോകേണ്ടിവരുന്ന ക്രിസ്തു ശിഷ്യത്വത്തെ നിങ്ങൾ മറക്കുന്നു... മെസിയ, അഭി ഷിക്തൻ, പ്രതാപശാലി മാത്രമല്ല സഹനത്തിന്റെ ദാസനുമാണ്. സ്വയം ദാനമാണ് ശിഷ്യത്വത്തിന്റെ മൂല്യം. ഇക്കാര്യങ്ങളോർക്കാതെ അധികാരവും പ്രശംസകളും മാത്രം ചിന്തിച്ചുകൊണ്ട് ശിഷ്യനായി ജീവിക്കാൻ കഴിയില്ല.

ഇക്കാര്യങ്ങൾ മുന്നിൽ കണ്ടതിനാലാണ് അവിടുത്തെ സഹനജീവിതത്തിൽ, സ്വയംപരിത്യാഗ ത്തിന്റെ ജീവിതത്തിൽ, പങ്കുചേരാൻ കഴിയുമോ എന്നു ചോദിക്കുന്നത്. മാത്രമല്ല, അപ്രകാരം ചെയ്താൽകൂടി അതിന്റെ പ്രതിഫലം ലഭിക്കുമെന്നതിന് വലിയ ഉറപ്പൊന്നുമില്ല. ദൈവകരങ്ങളിലാണ് അവ നിക്ഷിപ്തമായിരിക്കുന്നത്. അതുകൊണ്ടാണ് യേശു പറയുന്നത്, ഇടതുവശത്തും വലതുവശത്തും

ഇരിക്കുന്നതിനുള്ള യോഗ്യത തീരുമാനിക്കുന്നത് ദൈവമാണ്. അത് ആർക്കുവേണ്ടിയാണ് സജ്ജമാക്കിയിരിക്കുന്നത് അത് അവർക്കുവേണ്ടിയുള്ളതാണ്. മനുഷ്യൻ തന്നെ ഏല്പിച്ചിട്ടുള്ള കാര്യങ്ങൾ ആത്മാർത്ഥമായി ചെയ്യുക... തന്നെത്തന്നെ പരിത്യജിച്ച് ജീവിക്കുക. പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടല്ല. അത് ദൈവഹിതമാണ് (രാവിലെയും വൈകുന്നേരവും ഉച്ചസമയത്തും ജോലിയിൽ പ്രവേശിച്ചവന് ലഭിക്കുന്ന ഒരേ വേതനംപോലെ – മത്തായി 20:13–16). ഇവിടെ മറ്റൊരു കാര്യംകൂടി വിവരണത്തിൽ കാണാം. 24–ാം വാക്യം പറയുന്നത് സെബദിയുടെ ഭാര്യ പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ മറ്റു ശിഷ്യന്മാർക്ക് അമർഷംതോന്നി എന്നാണ്. കാര്യങ്ങൾ വ്യക്തമായി അവർക്കും അറിയില്ലെന്നാണ് ഈ വാക്യത്തിന്റെ ധ്വനി. യേശു പറഞ്ഞതും സെബദിപുത്രന്മാരുടെ മാതാവു ചോദിച്ചതും വ്യത്യസ്ത കാര്യങ്ങളാണെന്നും യേശുവിന്റെ വലതുവശത്തും ഇടതുവശത്തും ഇരിക്കുക എന്നത് അധികാരത്തിന്റെ സ്ഥാനങ്ങളല്ലായിരുന്നെന്നുമാണ് യേശു പറഞ്ഞത്. എന്നാൽ അത് അവിടുത്തെ സഹനത്തിലും വേദനകളിലുമുള്ള പങ്കുചേരലാണ് എന്ന കാര്യം അവർ മറന്നു.

മതസംവിധാനങ്ങൾ അധികാരത്തിനുവേണ്ടിയുള്ള വഴികളല്ലായെന്നും അത് യേശുവിന്റെ വഴികളിലൂടെയുള്ള സ്വയംപരിത്യാഗത്തിന്റെ ജീവിതമാണെന്നും യേശു തുടർന്നു പഠിപ്പിക്കുന്നു. കാരണം ഇതേവരെ പറഞ്ഞതൊ ന്നും ശിഷ്യന്മാർക്കും മറ്റുള്ളവർക്കും മനസ്സിലായില്ലെന്നതാണ് യാഥാർത്ഥ്യം. അതിനാലാണ് യേശു പറഞ്ഞത്, തന്റെ ശിഷ്യരായിരിക്കുകയെന്നാൽ ശുശ്രൂഷകനായിത്തീരുകയെന്നാണ്. സംവിധാനത്തിന്റെ ഭാഗമായിത്തീരുകയെന്നതല്ല; ശുശ്രൂഷയ്ക്കായി തന്നെത്തന്നെ പകുത്തു നല്കുകയെന്നതാണ്. മനുഷ്യപുത്രനായ ക്രിസ്തു തന്നെത്തന്നെ അനേകർക്കായി പകുത്തു നല്കിയതുപോലെ സ്വയം നല്കാനാണ് തന്നോടുകൂടിയായിരിക്കാൻ യേശു വിളിക്കുന്നത്. നേടാനല്ല കൊടുക്കാനാണ് അവിടുന്നു വന്നത്. അതുതന്നെയാണ് എല്ലാശിഷ്യരോടും അവിടുന്നു ആവശ്യപ്പെടുന്നതും. യേശുപറഞ്ഞു: നിങ്ങളിൽ ഒന്നാമൻ നിങ്ങളുടെ ദാസനാണ് – ശുശ്രൂഷകനാണ്. പങ്കുവയ്ക്കലിന്റെ ശുശ്രൂഷ; അതാണ് യേശുവിന്റെ ദൗത്യം.... അതിൽ പങ്കുകാരനാകാൻ ഓരോ ശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നു.

– യേശുവിന്റെ സഹനജീവിത വഴികളോടുചേർന്ന് സ്വന്തം ജീവിതം സമർപ്പിക്കണം.

– ക്രിസ്തീയജീവിതം അധികാരത്തിന്റെയും സ്വാർത്ഥതയുടെയും ജീവിതമല്ല; ശുശ്രൂഷയും പങ്കുവയ്ക്കലുമാണത്.

– സ്ഥാനങ്ങൾ അലങ്കരിക്കുന്നതിലല്ല നന്മ... ശുശ്രൂഷയുടെ അടിസ്ഥാനത്തിലായിരിക്കണം സ്ഥാനങ്ങൾ

ലഭ്യമാക്കേണ്ടത്.എ